**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2540** **15-10-2024 - ൽ മറുപടിയ്ക്ക്**

**സോളാർ പ്ലാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ചാണ്ടി ഉമ്മൻ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സോളാർ പ്ലാന്റ് അപേക്ഷ ഫീസ് തിരികെ കൊടുക്കാനുള്ളത് പ്രോസുമേഴ്സിന്റെ ബില്ലിൽ അഡ്ജസ്റ്റ് ചെയ്യുന്നതിന് പകരം സോളാർ പ്ലാന്റ് കമ്മീഷൻ ചെയ്ത് 10 ദിവസത്തിനുള്ളിൽ അവരുടെ അക്കൗണ്ടിൽ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (എ) | അപേക്ഷാ ഫീസ് തിരികെ കൊടുക്കുന്നതല്ല. എന്നാൽ രജിസ്ട്രേഷൻ ഫീസിന്റെ 80% നിശ്ചിത സമയത്തിനുള്ളിൽ പ്ലാന്റ് സ്ഥാപിച്ചവർക്ക് തിരികെ കൊടുക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് നിലവിൽ ബില്ലിൽ അഡ്ജസ്റ്റ് ചെയ്യുന്നില്ല. പ്രോസ്യൂമേഴ്സിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് തന്നെയാണ് രജിസ്ട്രേഷൻ ഫീസ് നൽകുന്നത്. |
| (ബി) | പ്രോസുമേഴ്സിന് സോളാർ എനർജി സെറ്റിൽമെന്റ് തുക നൽകുന്നതിനു കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; കെ.എസ്.ഇ.ആർ.സി ഇറക്കിയ റെഗുലേഷൻ പ്രകാരം ഈ തുക സെറ്റിൽമെന്റ് തീയതി മുതൽ ഒരു മാസത്തിനകം കൊടുത്തു തീർക്കണമെന്നും അതുകഴിഞ്ഞാൽ നിയമ പ്രകാരമുള്ള ബാങ്ക് പലിശ നല്കണമെന്നുമുള്ള വ്യവസ്ഥ നിലവിൽ പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിയ്ക്കുമോ; | (ബി) | സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള പുനരുപയോഗ റെഗുലേഷൻ ഒന്നാം ഭേദഗതി പ്രകാരം സാമ്പത്തിക വർഷാവസാനം സോളാർ ഉപഭോക്താക്കൾ ഗ്രിഡ്ഡിലേക്ക് നൽകിയ അധിക വൈദ്യുതി സെറ്റിൽ ചെയ്യേണ്ടതുണ്ട്. സെറ്റിൽമെന്റ് തുക തുടർന്ന് ഒരു മാസത്തിനുള്ളിൽ സോളാർ ഉപഭോക്താക്കൾക്ക് നൽകേണ്ടതാണ്. ഇതിൽ വീഴ്ച വരുന്ന പക്ഷം പലിശ സഹിതം കെ.എസ്.ഇ.ബി.എൽ പണം നൽകേണ്ടതുണ്ട്. |
| (സി) | സോളാർ ജനറേഷൻ ഡ്യൂട്ടി 1.4.2024 മുതൽ പിൻവലിച്ചതായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും 2024 സെപ്റ്റംബർ മുതൽക്കാണ് കെ.എസ്.ഇ.ബി.എൽ ഡ്യൂട്ടി പിരിക്കുന്നത് നിർത്തലാക്കിയതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഉണ്ട്. കേരള സർക്കാരിന്റെ ഫിനാൻസ് ബിൽ 2024 പ്രകാരം സ്വന്തം ആവശ്യത്തിന് വേണ്ടി വൈദ്യുതി ഉത്പാദിപ്പിക്കുന്ന ഉപഭോക്താക്കളിൽ നിന്നും ഇലക്ട്രിസിറ്റി ജനറേഷൻ ഡ്യൂട്ടിയായി ഒരു യൂണിറ്റിന് 1.2 പൈസയിൽ നിന്നും 15 പൈസയായി നിരക്ക് വർദ്ധിപ്പിച്ചിരുന്നു. പ്രസ്തുത നിരക്ക് വർദ്ധനവ് സർക്കാരിന്റെ തന്നെ ഫിനാൻസ് ആക്ട് 2024 പ്രകാരം സൗരോർജ്ജം വഴി വൈദ്യുതി ഉത്പാദിപ്പിക്കുന്നവർക്ക് ബാധകമല്ലാതാക്കിയിട്ടുണ്ട്. ആയതിനാൽ സൗരോർജ്ജം വഴി വൈദ്യുതി ഉത്പാദിപ്പിക്കുന്നവർ ഇലക്ട്രിസിറ്റി ജനറേഷൻ ഡ്യൂട്ടി നൽകേണ്ടതില്ല. |

| | | | |
|---|---|---|---|
| (ഡി) | 2024 ഏപ്രിൽ മുതൽ ഓഗസ്റ്റ് മാസം വരെയുള്ള കാലയളവിൽ കെ.എസ്.ഇ.ബി.എൽ വൈദ്യുതി ബില്ലിൽ ഈടാക്കിയ ജനറേഷൻ ഡ്യൂട്ടി തിരികെ നൽകുവാനും ആ തുക 2024 ഒക്ടോബർ മാസം മുതലുള്ള വൈദ്യുതി ബില്ലിൽ കുറവ് ചെയ്യുന്നതിനും നടപടി സ്വീകരിയ്ക്കുമോ; വ്യക്തമാക്കുമോ? | (ഡി) | ഫിനാൻസ് ആക്ട് 2024 പ്രകാരം ബാധകമല്ലാത്തതിനാൽ സൗരോർജ്ജം വഴി വൈദ്യുതി ഉത്പാദിപ്പിക്കുന്ന ഉപഭോക്താക്കളിൽ നിന്നും ജനറേഷൻ ഡ്യൂട്ടി പിരിക്കുന്നത് ഒഴിവാക്കാനും പിരിച്ച തുക ഉപഭോക്താക്കൾക്ക് തിരികെ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ